# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 405 **26/06/2014** ൽ മറുപടിക്ക്

അദ്ധ്യയന ദിവസങ്ങളുടെ എണ്ണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, സി. മമ്മൂട്ടി<br>,, എം. ഉമ്മർ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് അദ്ധ്യയന നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ പരിഷ്ക്കരണങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | എ) | സ്ഥാനത്ത് അദ്ധ്യയന നിലവാരം ഉയർത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പരിഷ്കരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കാലോചിതമായ പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകി വരുന്നു. ഐ.റ്റി.സി അധിഷ്ഠിതമായ പഠന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓ രോക്ലാസുകളിലും പഠിതാവ് നേടിയിരിക്കേണ്ട ശേഷികൾ, പഠനനേട്ടങ്ങൾ എന്നിവ കൃത്യമായി നിർവചിച്ചു നിർദ്ദേശിച്ചിട്ടുണ്ട്. പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനുള്ള പഠനബോധനതന്ത്രങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള ടീച്ചർ ടെക്സ്റ്റുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. സമഗ്രമായ അധ്യാപകപരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് അധ്യാപകർക്ക് അവധിക്കാല പരിശീലനം നൽകിയിട്ടുണ്ട്. |
| ബി | അദ്ധ്യയന ദിവസങ്ങളുടെ എണ്ണം കുറഞ്ഞു വരുന്ന പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്; ഇതു സംബന്ധമായി എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കുമോ? | ബി) | സ്ക്കൂൾ സാധ്യായ ദിവസങ്ങൾ 200 ആയി നിജപ്പെടുത്തി ടൈം ടേബിൾ ക്രമീകരിച്ച് പഠനബോധന പ്രവർത്തനങ്ങൾ നൽകണമെന്നും അദ്ധ്യയന ദിവസങ്ങളുടെ എണ്ണത്തിലും സമയക്രമത്തിലും കുറവു വരാതെ മാത്രമേ മറ്റു പാഠ്യേതര പ്രവർത്തനങ്ങൾ ക്രമീകരിക്കാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

Dusami Devi. S.

സെക്ഷൻ ഓഫീസർ